<u>വളരെ അടിയന്തിരം</u>

നമ്പർ: LF/ 01(03) /2017

ലൈഫ് മിഷൻ കാര്യാലയം, സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം. തീയതി: 17.10.2017.

പ്രേഷക,
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ.

സ്വീകർത്താവ്,

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സർ,

വിഷയം – ലൈഫ് മിഷൻ - ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നത് - ഗ്രാമസഭ യോഗം കൂടുന്നത് - സംബന്ധിച്ച്
സൂചന - ഈയാഫീസിലെ 27.09.2017-ലെ ഇതേ നമ്പർ കത്ത്

ലൈഫ് മിഷൻ സർവ്വേയുടെ കരട് ഗുണഭോക്തൃ പട്ടികയിന്മേലുള്ള ജില്ലാതല അപ്പീലുകൾ തീർപ്പാക്കി അംഗീകാരം നൽകുന്നതിന് ഒക്ടോബർ 18 മുതൽ 30 വരെ തീയതികളിൽ ഗ്രാമസഭ /വാർഡുസഭ കൂടുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ജില്ലാതല അപ്പീലുകളിൻമേലുള്ള പരിശോധന നാളിതുവരെ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത ഗ്രാമസഭ /വാർഡുസഭകൾ പ്രസ്തുത തീയതികളിൽ കൂടാൻ കഴിയുകയില്ല. ആയതിനാൽ പ്രസ്തുത ദിവസങ്ങളിൽ കൂടുവാൻ തീരുമാനിച്ചിട്ടുള്ള ഗ്രാമസഭ /വാർഡുസഭകൾ നവംബർ ആദ്യ വാരത്തിലേക്ക് മാറ്റി വയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്നു. വിശദമായ ഷെഡ്യൂൾ ഉടൻ തന്നെ ലഭ്യമാക്കുന്നതാണ്.

വിശ്വസ്തതയോടെ,

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ് :

1. എല്ലാ ജില്ലാ കലക്ടർ മാർക്കും
2. എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും
3. എല്ലാ റീജണൽ ഡയറക്ടർ (നഗരകാര്യ വകുപ്പ് ) മാർക്കും